# സാശ്രയചരിത്രത്തിന്റെ നാൾവഴികൾ

ദീർഘവീക്ഷണത്തോടു കൂടിയുള്ള പ്രവർത്തനത്തിലൂടെ സമൂഹത്തിന് ശരിയായ ദിശാബോധം നൽകേണ്ടവയാണ് രാഷ്ട്രീയപാർട്ടികൾ. അതൊരു ഉത്തരവാദിത്വവും ചുമതലയുമാണ്. അതുപോലെതന്നെ വഴിമറക്കുന്ന രാഷ്ട്രീയത്തെ അതോർമ്മപ്പെടുത്തുന്ന, ഗതിമാറുന്ന സമൂഹത്തിന്റെ ജീർണ്ണതകളെ തുറന്നുകാട്ടുന്ന തെളിമയുള്ള ദർപ്പണങ്ങളാകേണ്ടുന്നവയാണ് മാധ്യമങ്ങൾ. എന്നാൽ സമീപകാല കാഴ്ചകൾ നമുക്ക് കാട്ടിത്തരുന്നത് അത്രകണ്ട് ശുഭകരമായ കാര്യങ്ങളല്ലെന്നുള്ളത് വേദനിപ്പിക്കുന്നതിനു ഒപ്പം നിരാശാജനകവുമാണ്. ഇവിടെ അധികാരക്കസേരകൾ പങ്കുവയ്ക്കുന്നതിന്റെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ തലപുകയ്ക്കുകയാണ് രാഷ്ട്രീയ നേതൃത്വം. അല്ലങ്കിൽ അധികാരലബ്ദിക്കായോ, ഉള്ളവ നിലനിർത്തുവാനോ തന്ത്രങ്ങൾ മെനയാൻ സമയം തികയാത്തവരായി മാറ്റപ്പെടുന്നു താഴെത്തട്ടു മുതൽ മേൽത്തട്ടു വരെ രാഷ്ട്രീയക്കാർ. ഇത്തരക്കാരുടെ കേളീരംഗമായി മാറിക്കൊണ്ടിരിക്കുന്നു രാഷ്ട്രീയം. വരുംകാല നന്മയെ മുന്നിൽക്കണ്ട് ദീർഘവീക്ഷണത്തോടെ കൈക്കൊള്ളേണ്ടുന്ന നയപരമായ തീരുമാനങ്ങളിൽപോലും താല്കാലിക രാഷ്ട്രീയ നേട്ടങ്ങൾക്കായി വെള്ളം ചേർക്കപ്പെടുന്നു. ഇതിനെ വാർത്തകളാക്കി ആഘോഷിക്കുക എന്നതിലുപരി യാതൊരു ധർമ്മവും തങ്ങൾക്കില്ലന്ന മട്ടിൽ മാധ്യമങ്ങൾ നിസംഗതയോടെ പരസ്യങ്ങൾക്കായി പരക്കം പായുന്നു. സമൂഹത്തിന് പകർന്നു നൽകുന്നത് ഭീതിയോ, നിരാശയോ, നിസംഗതയോ എന്തുതന്നെയായാലും തങ്ങൾ പുറത്തുവിടുന്ന പരസ്യങ്ങൾക്കായി കണ്ണുകൾ കാത്തിരിക്കണം എന്നുമാത്രമവർ ആഗ്രഹിക്കുന്നു. സമൂഹത്തെ തെറ്റിധരിപ്പിക്കാൻ പോന്ന സ്പോൺസേർഡ് പ്രോഗ്രാമുകൾക്കും പെയ്ഡുന്യൂസുകൾക്കും ഏതറ്റംവരെ വേണമെങ്കിലും പോകാമെന്നതായിരിക്കുന്നു അവസ്ഥ. എങ്കിലും എല്ലാവരും അവകാശപ്പെടുന്നു തങ്ങൾ ചെയ്യുന്നതാണ് ധർമ്മമെന്ന്. എന്നാൽ പലപ്പോഴും സത്യം അതിൽനിന്നും അകന്നുനില്ക്കുന്നു.

ഇതുകൊണ്ടൊക്കെത്തന്നെ വികസനപ്രവർത്തനങ്ങളിലും മറ്റും പത്തോ ഇരുപതോ വർഷങ്ങൾക്ക് മുമ്പ് നാം കൈക്കൊള്ളേണ്ടിയിരുന്ന തീരുമാനങ്ങൾ ഇനിയും അത്രയോ അതിലേറയോ കാലം കഴിഞ്ഞുമാത്രം നടപ്പിലാക്കാൻ നിർബന്ധിതരാകുമ്പോൾ നേരിടേണ്ടിവരുന്ന പിന്നോട്ടടികളെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നത് മൗഢ്യമാകും. നമുക്കറിയാം നാടിന് വെളിച്ചമാകേണ്ടുന്ന പല വികസനപ്രവർത്തനങ്ങളും സമരങ്ങളുടെ കനലിലെരിഞ്ഞ് ദീർഘകാലമായി പുകവമിപ്പിക്കുകയോ അല്ലെങ്കിൽ എന്നെന്നേക്കുമായി എരിഞ്ഞടങ്ങുകയോ ചെയ്യുന്നത് സമകാലീന യഥാർഥ്യമാണ്. ഈ പുകവമിപ്പിക്കുന്നതിനോ എരിഞ്ഞടങ്ങലിനോ ആക്കം കൂട്ടുക എന്നതിലാണ് മാധ്യമങ്ങളും ശ്രദ്ധയൂന്നുന്നത്. നാടിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും അത്യന്താപേക്ഷിതമായ രാഷ്ട്രീയത്തേയും മാധ്യമങ്ങളേയും ഈ നിലയിൽ വിമർശനാത്മകമായി വിലയിരുത്തുവാൻ എന്നെ പ്രേരിപ്പിക്കുന്നത് സ്വാശ്രയ ചരിത്രത്തിന്റെ നാൾ വഴികളിലൂടെയുള്ള സഞ്ചാരമാണ്.

നമുക്കറിയാം ഇന്ത്യയിൽ വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ അത്ര വലിപ്പമൊന്നുമില്ലെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ കേരളത്തിന്റെ സ്ഥാനം വലിപ്പമേറിയതുതന്നെയാണ്. എന്നാൽ സമ്പൂർണ്ണ സാക്ഷരതയുടേയും മറ്റും ആത്മാഭിമാനത്തിന്റെ ലഹരിയിൽ നിന്ന്

നാം വിട്ടുണരേണ്ടുന്ന കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ നമ്മൾ നേടിയ മുന്നേറ്റത്തിന്റെ ഭാഗമായി തുടർവിദ്യാഭ്യാസരംഗത്ത് നമുക്ക് മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടുണ്ടോ? വിദ്യാഭ്യാസരംഗത്തെ നമ്മുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുവാൻ നാം ദീർഘവീക്ഷണമുള്ളവരായിരുന്നോ? ഈ ചോദ്യങ്ങൾക്ക് മറുപടി തരുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വിവിധ തൊഴിലധിഷ്ഠിത ബിരുദങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്വന്ത മാക്കിയിട്ടുള്ള മലയാളി വിദ്യാർത്ഥികളുടെ കണക്കാണ്. ഒട്ടും ആശാവഹമായിരിക്കില്ല ഈ കണക്കെന്ന കാര്യത്തിൽ സംശയം വേണ്ട. ഇത്തരമൊരു സാഹചര്യത്തിലാണ് പത്തോ പതിനഞ്ചോ വർഷങ്ങൾ മുമ്പ് സംഭവിക്കേണ്ടിയിരുന്ന ഒരു പ്രധാനപ്പെട്ട കാര്യം 2000–ൽ കേരളത്തിലെ പ്രധാന രണ്ടു മുന്നണികളുടെ പ്രകടനപത്രികയിൽ സ്ഥാനം പിടിക്കുന്നത്. അത് മറ്റൊന്നുമല്ല. സ്വാശ്രയ മാനേജ്മെന്റ് കോളേജുകൾ അനുവദിക്കുമെന്നുള്ള വാഗ്ദാ നമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ പിന്നിലുണ്ടായിരുന്ന സർക്കാരിതര സംവിധാനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള അജ്ഞതയോ അല്ലങ്കിൽ മനപ്പൂർവ്വമായ വിസ്മരി ക്കലോ ആയിരുന്നു. ഇത്തരമൊരു തീരുമാനം മുമ്പേ കൈക്കൊള്ളുവാൻ കഴിയാതെ പോയ തിന്റെ കാരണം. അതിന് കേരളത്തിലെ വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും നൽകേണ്ടിവന്ന വിലയെക്കുറിച്ചും നമ്മുടെ സംസ്ഥാനത്തിനാകെ സംഭവിച്ച നഷ്ടത്തെ ക്കുറിച്ചും ചിന്തിച്ചുനോക്കുക. ദീർഘവീക്ഷണമില്ലായ്മയുടെ കുറ്റം 2000–ൽ ഇരുമുന്നണി കളും ഏറ്റു പറഞ്ഞുവെങ്കിലും തുടർന്നുള്ള കാലവും ഒട്ടും ശോഭനമായിരുന്നില്ലന്നത് ചരിത്രം.

2001–ൽ നയനാർ ഗവൺമെന്റിനെ തുടർന്നുവന്ന ആന്റണി ഗവൺമെന്റ് സ്വാശ്രയ മാനേജ്മെന്റ് കോളേജുകൾക്ക് അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് തികച്ചു രാഷ്ട്രീയ മുതലെടുപ്പിനെ കരുതി പവിത്രമായ വിദ്യാലയങ്ങൾ കലാപകളങ്ങളാക്കി ചില സംഘടന കൾ. തക്കം പാർത്തിരുന്നു കാരണങ്ങൾ ഉണ്ടാക്കി തല്ലിത്തകർത്തു വിദ്യാലയങ്ങളും ആധു രാലയങ്ങളും. അനാവശ്യ വിഭാവങ്ങളും കോലാഹലങ്ങളും കേരള സമൂഹത്തിന്റേയും വിദ്യാ ഭ്യാസ മേഖലയുടെയും സമാധാനാന്തരീക്ഷത്തിനേൽപ്പിച്ച ആഘാതം ചെറുതായിരുന്നി ല്ല. കേരള സമൂഹത്തിന്റെ സുസ്ഥിര വളർച്ചയ്ക്ക് കാരണഭൂതമായ വിദ്യാഭ്യാസമേഖലയ്ക്കും ആധുരശുശ്രൂഷ രംഗങ്ങത്തിനും മികച്ച സംഭാവനകൾ പ്രദാനം ചെയ്ത ക്രൈസ്തവ മാനേ ജ്മെന്റുകളാണ് ഇത്തരം ആക്രമണങ്ങൾക്ക് കൂടുതലും ഇരയാകേണ്ടി വന്നത്. അതിന് പ്രധാ നമായും കാരണമായി ഭവിച്ചത് പ്രസ്തുത മേഖലയിൽ അസമത്വത്തിനും അരക്ഷിതാവ സ്ഥയ്ക്കും ശരിയായ പ്രധിവിധിയിൽ ഉറച്ചു നിന്നു എന്നതാണ്.

ഗവൺമെന്റ് അംഗീകാരത്തെ തുടർന്ന് സ്വാശ്രയ കോളേജുകൾ സൃഷ്ടിക്കുകവഴി ക്രിസ്തീയ സഭകൾ വിദ്യാഭ്യാസരംഗത്തെ തങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ചരിത്രപര മായ പിന്തുടർച്ചയാണ് ഏറ്റെടുത്തത്. ലോണെടുത്തും മറ്റും വലിയനിലയിൽ പണം കണ്ടെ ത്തിക്കൊണ്ട് മാനേജുമെന്റുകൾ വിദ്യാർത്ഥികൾക്കായി മികച്ച പഠനസൗകര്യമാണ് ഒരു ക്കിയത്. എന്നാൽ ഇതിൽ വെറും കാഴ്ചക്കാരായി മാത്രം നിന്ന ഗവൺമെന്റ് മാനേജ്മെന്റ് കോളേജുകളിലെ സീറ്റിൽ 50% ന് അവകാശവാദം ഉന്നയിച്ചു. ഇന്ന് നിയമം സൃഷ്ടിച്ചും മുൻകരുതലെടുത്തും ഇല്ലാതാക്കാൻ ശ്രമിക്കുന്ന നോക്കുകൂലിയെന്ന അതിക്രമത്തിനോടു പമിക്കാവുന്ന രീതിയിലുള്ള സമീപനമായിരുന്നു സർക്കാരിന്റേത്. മാനേജുമെന്റുകൾ സൃഷ്ടിച്ച വിദ്യാലയങ്ങളുടെ സാമ്പത്തിക വശമോ, വിദ്യാർത്ഥി സമൂഹത്തിന്റെ സാമൂ

ഹ്യവശമോ ചിന്തിക്കാതെയുള്ള ഗവൺമെന്റിന്റെ അവകാശവാദം തികച്ചും രാഷ്ട്രീയപ്രേരിതവും ദീർഘവീക്ഷണത്തിന്റെ അഭാവംകൊണ്ട് ദുർബലവുമായിരുന്നു. അതുകൊണ്ട് തന്നെയാണ് മാനേജ്മെന്റ് സ്ഥാപനങ്ങളുടെ സാമ്പത്തിക നിലനില്പ്പിനെത്തന്നെ തുരംഗം വയ്ക്കുന്ന രീതിയിൽ 50% ന് 8000 രൂപ ഫീസ് എന്ന് ഗവൺമെന്റ് നിർകർഷിച്ചത്. അതോടൊപ്പം സമൂഹനീതിയുടെ പരസ്യമായ ലംഘനത്തിന് ഇടവരുത്തിയേക്കാവുന്ന രീതിയിൽ ശേഷിക്കുന്ന 50% ന് എത്രവേണമെങ്കിലും ഫീസ് ഈടാക്കാമെന്ന അവസ്ഥയും സൃഷ്ടിച്ചു. എന്നാൽ ക്രിസ്ത്യൻ മാനേജ്മെന്റുകൾ ഇതിനോട് ആദ്യം തന്നെ വിയോജിച്ചു. ഒരു വിഭാഗം വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇതിനെ രണ്ടുകൈയും നീട്ടി സ്വീകരിച്ചപ്പോൾ ഗവൺമെന്റ് സ്കൂളുകളുടെ പടിവാതിലുകൾ പോലും കണ്ടിട്ടില്ലാത്ത, ഉയർന്ന ഫീസ് ഈടാക്കുന്ന വിദ്യാലയങ്ങളിൽ പഠനം കഴിഞ്ഞ് അതിലേറെ കാശ് ചിലവാക്കി എൻട്രൻസ് കോച്ചിംഗ് നടത്തി കടന്നുവന്ന 50% ന് വളരെ തുച്ഛമായ ഫീസിൽ പഠിക്കുകയും മറ്റൊരു 50% ന് അവരോടൊപ്പം ഒരേ ക്ലാസ്സിലിരുന്ന് ലക്ഷങ്ങൾ മുടക്കി പഠിക്കേണ്ടതുമായ അവസ്ഥ സംജാതമായി. മാനേജുമെന്റുകളുടെ കൈകളിലെ 50% ന്റെ പേരിൽ കോഴ വിവാദങ്ങളും അസമത്വവും അരങ്ങുവാണു. എന്നിട്ട് ഇതാണ് സ്വാശ്രയമാനേജുമെന്റുകളുടെ എല്ലാം അവസ്ഥയെന്ന് വരുത്തിത്തീർത്തു. നമ്മുടെ നാടിന്റെ വികസനത്തിന് നിദാനമാകേണ്ടുന്ന മികച്ച ഒരു തലമുറയെ സൃഷ്ടിച്ചെടുക്കേണ്ടുന്ന ഒരു മേഖലയെ തെറ്റായ നയരൂപീകരണങ്ങളോടെ ഇല്ലായ്മചെയ്യുന്ന കാഴ്ചയാണ് ഇവിടെ നാം കണ്ടത്. സത്യത്തിൽ ഇതിനെതിരായ സമരമായിരുന്നു ക്രസ്ത്യൻ മാനേജുമെന്റുകൾ നടത്തിയത്.

ക്രസ്ത്യൻ മാനേജുമെന്റുകൾ ഫീസ് ഏകീകരണത്തിന് വേണ്ടി വാദിച്ചത് ഈ മേഖലയിൽ വന്നുഭവിച്ചേക്കാവുന്ന പ്രത്യാഘാതങ്ങളെ മുന്നിൽകണ്ടുകൊണ്ട് തന്നെയായിരുന്നു. വിദ്യാഭ്യാസം പണമില്ലാത്തതിന്റെ പേരിൽ അർഹതപെട്ടവന് നിഷേധിക്കുന്നത് തടയുവാനോ, അവന് അത് ഉറപ്പാക്കുവാനോ ഉള്ള ഒരു സാധ്യതയും ഗവൺമെന്റിന്റെ നയത്തിൽ ദർശിക്കാനായില്ല. മറിച്ച് ആരെയെക്കയോ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തെ മാത്രം മുന്നിൽകണ്ട് 50% വേണമെന്ന നിലപാടിൽ വാശിയോടെ പിടിമുറുക്കി. ബാക്കി 50% ന്റെ പേരിൽ നടക്കുന്ന അനീതിക്ക് കുടപിടിച്ചു. അതുകൊണ്ട് തന്നെ ക്രിസ്ത്യൻ മാനേജുമെന്റുകൾ ആദ്യം തന്നെ ഫീസ് ഏകീകരണത്തിനായി ശക്തമയി നിലകൊണ്ടു. ഇന്ന് നമുക്കന്യമായിരിക്കുന്ന ഉറച്ച ബോധ്യത്തിലൂന്നിയ നിലപാടിൽ ഉറച്ചുനിൽക്കുകയെന്ന ശരിയായ രീതിക്കുനേരെ തുടർന്നുണ്ടായ പത്തുവർഷത്തോളം നീണ്ട കടന്നാക്രമണങ്ങൾ ചെറുതായിരുന്നില്ല. ജനത്തിന്റെ കണ്ണിൽ പൊടിയിട്ടുകൊണ്ട് തങ്ങൾ പറഞ്ഞത് നേടിയെടുത്തിരിക്കുന്നു എന്നു വരുത്തിത്തീർക്കുവാനാണ് ഇവിടെ രാഷ്ട്രീയപാർട്ടികൾ മൽസരിച്ചത്. രാഷ്ട്രീയപാർട്ടികളുടെ വാദമുഖങ്ങൾക്ക് ചുവടുപിടിച്ചുകൊണ്ട് ക്രിസ്ത്യൻ മനേജുമെന്റുകളെ പ്രതിസാഥാനത്തു പ്രതിഷ്ടിച്ച് ചർച്ചകൾ കൊഴിപ്പിക്കാനാണ് മാധ്യമങ്ങൾ തുനിഞ്ഞത്. യാതൊരു രേഖകളുടേയോ കണക്കുകളുടേയോ അടിസ്ഥാനമില്ലാതെ ലേഖനമെഴുത്തുകാർ അവരുടെ കോളങ്ങളുടെ കോട്ട തികച്ചു. ഈ മേഖലയിലെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുവാൻ പോന്ന നിർദേശങ്ങളൊന്നും സ്വരൂപിക്കാൻ ആരും മെനക്കെട്ടതില്ല. ആർക്കും താല്പര്യവുമില്ലായിരുന്നു.

എന്നാൽ ആ ഘട്ടങ്ങളിലൊക്കെയും ക്രിസ്ത്യൻ മാനേജമെന്റുകൾ അടിയുറച്ചു നിൽക്കുകയും മാറിമാറിവന്ന സർക്കാരുകളുടെ മാറിവരാത്ത തെറ്റായ നയങ്ങൾക്കെതിരെ നിയമത്തിന്റെ വഴി തേടുകയും ചെയ്തു. ഇതിന്റെ ഫലമായി മുഴുവൻ സീറ്റും മാനേജു മെന്റുകൾക്കർഹതപ്പെട്ടതാണെന്ന വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചു. നീതിയുക്തമല്ലാത്ത ഗവൺമെന്റിന്റെ അവകാശവാദങ്ങളെ വിമർശിക്കുകയും ചെയ്തു. തുടർന്ന് മുഴുവൻ സീറ്റുകൾക്കും ഒരേ ഫീസേർപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോ ടതി വിധിയും മാനേജുമെന്റുകൾ സമ്പാദിച്ചു. ക്രിസ്ത്യൻ മാനേജുമെന്റുകളുടെ നിലപാ ടിലെ സാമൂഹികവും സാമ്പത്തികവുമായ സത്യസന്ധതയായിരുന്നു പ്രസ്തുത വിധിക ളിലൂടെ വെളിപ്പെട്ടത്. എന്നിരുന്നാൽപ്പോലും കോലാഹലങ്ങൾ ഒഴിവാക്കുവാനോ കുഴപ്പ ങ്ങൾ അവസാനിപ്പിക്കുവാനോ ആരുടേയും ഭാഗത്തുനിന്നും സമീപനങ്ങളൊന്നുമുണ്ടായില്ല.

ഇന്നും മുഴുവൻ സീറ്റിലും ഫീസേകീകരണം സാധ്യമാക്കുകവഴി വിദ്യാഭ്യാസമേഖ ലയിൽ സമാധാനന്തരീക്ഷത്തിന് തറക്കല്ലിട്ടിരിക്കുകയാണ് സർക്കാർ. ഏതു നയത്തിൽ ഉറച്ചുനിന്നതുകൊണ്ടാണോ കഴിഞ്ഞ പത്തുവർഷത്തിലേറെക്കാലമായി ക്രിസ്ത്യൻ മാനേ ജുമെന്റുകൾ അതിക്രമങ്ങൾക്ക് ഇരയാകേണ്ടിവന്നത്. അതേ നയം ഇന്ന് മറ്റു സ്ഥാപന ങ്ങൾ മാതൃകയാക്കണമെന്ന് ഗവൺമെന്റാവശ്യപ്പെടുന്നത്. പത്തുവർഷങ്ങൾക്ക് മുമ്പ് പരി ഹരിക്കാമായിരുന്ന സ്വാശ്രയപ്രശ്നത്തെ ഇത്രയും കാലം വിഷയമാക്കി നിലനിർത്തിയ രാഷ്ട്രീയ നേതൃത്വവും വിവാദമാക്കി നിലനിർത്തിയ മുഖ്യധാര മാധ്യമസമൂഹവും കണ്ണു തുറക്കേണ്ടിയിരിക്കുന്നു. സമൂഹത്തെയാകെ ബാധിക്കുന്ന ഒരു പ്രശ്നത്തിൽ ശരിയുടെ നിലപാടിൽ ഉറച്ചുനിന്ന ഒരു വിഭാഗത്തെ ഇത്രയേറെ കടന്നാക്രമിക്കുകയും അത് രുചിയേ റിയ വാർത്താവിഭവങ്ങളായി വിളമ്പുകയും ചെയ്യുകവഴി, സത്യത്തെ മൂടിവയ്ക്കുകവഴി, സാധ്യമായത് രാഷ്ട്രീയധർമ്മമോ മാധ്യമധർമ്മമോ ആയിരുന്നുവോ? സംഭവിച്ച പിന്നോട്ട ടികളെക്കുറിച്ച് മനസ്സിലാക്കുവാൻ നമ്മൾ പിന്നോട്ട് സഞ്ചരിക്കുകതന്നെ വേണം. അവിടെ ക്രിസ്ത്യൻമാനേജുമെന്റുകൾ വിദ്യാഭ്യാസ ആധുരശുശ്രൂഷാ മേഖലകൾക്ക് നടത്തിയ സംഭാ വനകൾ നിങ്ങൾക്ക് കണ്ടെടുക്കാനാകും. അത് കാണാതെ പോയിരുന്ന ഒരു തുടർകാലഘ ട്ടത്തിലെ കറുത്ത ദിനങ്ങളെ ഇല്ലാതാക്കാൻ സമാധാനപരമായ സാമൂഹികാവസ്ഥയിലൂടെ വളർച്ചനേടാൻ ഇനിയുള്ള കാലത്തെങ്കിലും നമ്മൾക്ക് കഴിയേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിക്കുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം......

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ